# ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

04/04/22 - 10/04/22

www.acharyainfo.com

## "For a full repeal" – 04-04-22

ആംഡ് ഫോർസ്സ് (സ്പെഷ്യൽ പവേഴ്സ് ) നിയമത്തിനെതിരെ (AFSPA ) വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ നടക്കുന്ന പ്രതിഷേധത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് ഇപ്പോൾ മൂന്നു സംസ്ഥാനങ്ങളിലെ ഈ നിയമത്തിന്റെ പരിധി കുറയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. അക്രമങ്ങളിൽ ഉണ്ടായിട്ടുള്ള കുറവും ഭരണപരമായ മറ്റു കാര്യങ്ങളുമാണ് ഈ തീരുമാനത്തിന്റെ പിറകിൽ എന്നാണ് സർക്കാർ പറയുന്നത്. മേഖലയുടെ സുരക്ഷയ്ക്ക് ഇത്തരമൊരു നിയമം ആവശ്യമുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം ലഭിച്ചിട്ടില്ല.

തീരുമാനം ഭാഗികമായ ആശ്വാസം നൽകുന്നുണ്ടെങ്കിലും ഈ നിയമം പൂർണമായും പിൻവലിക്കണമെന്ന ആവശ്യം ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. വിവിധ മനുഷ്യാവകാശ സംഘടനകളും, റിട്ട.സുപ്രീം കോടതി ജഡ്ജിയായിരുന്ന ബി .പി. ജീവൻ റെഡ്ഡി അധ്യക്ഷനായ അഞ്ചംഗ കമ്മിറ്റിയും നിയമം പൂർണമായും പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. 2013 'ൽ മണിപ്പൂരിലെ എൻകൗണ്ടർ കില്ലിങ് അന്വേഷിക്കാനായി സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റി ഈ നിയമം ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോയെന്നു അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു, എന്നാലതും പ്രാബല്യത്തിൽ വന്നിട്ടില്ല.

## 'In the middle' – 06-04-22

കഴിഞ്ഞ രണ്ട് ആഴ്ചക്കിടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഇന്ത്യയിലെത്തുകയുണ്ടായി. യുക്രൈൻ യുദ്ധവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇന്ത്യ വഹിക്കേണ്ടതായ പങ്കിന്റെ പ്രാധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്. റഷ്യക്കെതിരെയുള്ള ഉപരോധത്തിൽ പങ്കുചേർന്ന രാജ്യങ്ങളിൽ നിന്നാണ് കൂടുതലായും പ്രധിനിതികൾ എത്തിയത്.

റഷ്യ-യുക്രൈൻ വിഷയത്തിൽ ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ നിലപാടിൽ മാറ്റം കൊണ്ടുവരിക, റഷ്യയിൽ നിന്നും കൂടുതൽ എണ്ണ വാങ്ങിക്കാനുള്ള ഇന്ത്യയുടെ തീരുമാനം പിൻവലിപ്പിക്കുക, റുപ്പീ-റൂബിൾ നാഷണൽ കറൻസി ബേസ്ഡ് മെക്കാനിസത്തിൽ നിന്നും ഇന്ത്യയെ പിന്തിരിപ്പിക്കുക എന്നിവയാണ് പ്രധാനമായും സന്ദർശനത്തിന്റെ ഉദ്ദേശ്യമായി കാണാവുന്നത്.

യൂറോപ്യൻ പ്രതിനിധികളെ കൂടാതെ റഷ്യയുടെ വിദേശകാര്യമന്ത്രിയും ഇന്ത്യ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന് ഇന്ത്യ നൽകിയ വലിയ സ്വീകരണം ചൂണ്ടിക്കാണിക്കുന്നത് നിലവിലെ നിലപാടിൽ നിന്നും ഇന്ത്യ

ACHARYA

പിറകോട്ടില്ല എന്നുതന്നെയാണ്. രാജ്യതാല്പര്യം മുൻനിർത്തിയാണ് ഇന്ത്യയുടെ നിലപാടുകൾ എന്ന് ഇന്ത്യ ആവർത്തിക്കുകയും ചെയ്യുന്നുണ്ട്.

ഇത്തരത്തിൽ രാജ്യ താല്പര്യം മുൻനിർത്തിയുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ വൈദേശിക സമ്മർദ്ദത്തിന് വഴങ്ങേണ്ടതില്ല എങ്കിലും യുക്രൈനിലെ ഇപ്പോഴത്തെ സാഹചര്യം ഉൾക്കൊണ്ടുകൊണ്ട് നിലപാട് മയപ്പെടുത്തുന്നതിനെക്കുറിച്ചും സർക്കാർ ചിന്തിക്കേണ്ടതുണ്ട്. യുക്രൈനിൽ റഷ്യ നടത്തുന്നത് മനുഷ്യാവകാശ ലംഘനങ്ങൾ ആണെന്നുള്ള റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ വിഷയത്തിൽ സ്വതന്ത്രമായ അന്വേഷണം വേണമെന്ന ഇന്ത്യയുടെ ആവശ്യം സ്വാഗതാർഹമാണ്.

## "Beyond Border - Gavaskar" 08-04-22

ഈയിടെ ഒപ്പുവെച്ച ഇന്ത്യ- ഓസ്ട്രേലിയ ഇക്കണോമിക് കോപ്പറേഷൻ ആൻഡ് ട്രേഡ് എഗ്രിമെന്റിനെ, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള ശ്രമത്തിന്റെ ഭാഗമായി കാണാം. തന്ത്രപ്രധാനവും വ്യാപാരപരവുമായ ബന്ധം മെച്ചപ്പെടുത്താനുള്ള ശ്രമം 2020 മുതൽ തന്നെ കാണാം. ആ വർഷം നടന്ന വെർച്വൽ ഉച്ചകോടിയിൽവെച്ചു ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കോമ്പ്രെഹെൻസീവ് സ്ട്രാറ്റജിക് കൂട്ടുകെട്ട് എന്ന നിലയിലേക്ക് ഉയർത്താൻ തീരുമാനിച്ചിരുന്നു. വ്യാപാരം, തർക്കപരിഹാരം, റൂൾ ഓഫ് ഒറിജിൻ തുടങ്ങി നിരവധി മേഖലകൾ ഉൾപ്പെടുന്നതാണ് കോപ്പറേഷൻ ആൻഡ് ട്രേഡ് എഗ്രിമെന്റ്. അടുത്ത അഞ്ചു വർഷം കൊണ്ട് ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം ഇരട്ടിയാക്കാൻ കരാർ ലക്ഷ്യം വെയ്ക്കുന്നു.

ACHARYA
An influential mentor

കരാറിന്റെ ഭാഗമായി ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ 96 % ന് താരിഫ് ഒഴിവാക്കാൻ ഓസ്ട്രേലിയ തയ്യാറായി. പകരമായി ഓസ്ട്രേലിയിൽ നിന്നുള്ള 85 % ഉത്പന്നങ്ങൾക്കും നികുതി ഒഴിവാക്കാൻ ഇന്ത്യയും തയ്യാറാ